(ബി) സംസ്ഥാനത്തെ 25.43 ശതമാനം പേരെ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവരായി കണക്കാക്കിയാണ് കേന്ദ്രസർക്കാർ ഭക്ഷ്യധാന്യം അനുവദിക്കുന്നത്. എന്നാൽ സംസ്ഥാന സർക്കാർ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള 42 ശതമാനം കുടുംബങ്ങൾക്കും സൗജന്യ നിരക്കിലുള്ള അരി സംസ്ഥാന സർക്കാർ സബ്സിഡിയോടുകൂടി നൽകിവരുന്നു.

(സി) ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർക്ക് 3.90 രൂപ നിരക്കിൽ 10 കിലോഗ്രാം അരിയാണ് പ്രതിമാസം സൗജന്യനിരക്കിൽ നൽകിവന്നത്. 1-4-2000 മുതൽ ഇത് 20 കിലോഗ്രാമായി വർദ്ധിപ്പിച്ച് കിലോഗ്രാമിന് 6.40 രൂപ നിരക്കിൽ നൽകിയിരുന്നു. 27-7-2000 മുതൽ ബി.പി.എൽ. അരിയുടെ വില കിലോഗ്രാമിന് 6.20 രൂപയായി കുറവ് ചെയ്തിട്ടുണ്ട്. ദാരിദ്ര്യരേഖയ്ക്ക് മുകളിലുള്ളവർക്ക് 11.90 രൂപയ്ക്ക് നൽകുന്ന അരിയാണ് സബ്സിഡിയോട് കൂടി 6.20 രൂപയ്ക്ക് നൽകിവരുന്നത്.

(ഡി&ഇ) ഉണ്ട്. 1996 മാർച്ചിലെ നിത്യോപയോഗ സാധനങ്ങളുടെ കമ്പോള വിലയും 2001 ജനുവരി 31-ലെ കമ്പോള വിലകളും ഉൾക്കൊള്ളുന്ന സ്റ്റേറ്റ്മെന്റ് അനുബന്ധമായി ചേർക്കുന്നു. †

സ്കൂൾ കുട്ടികൾക്ക് സൗജന്യ അരി വിതരണം

176 (178) ശ്രീ. പി. കെ. കുമാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കഴിഞ്ഞ ക്രിസ്തുമസ് കാലത്ത് സ്കൂൾ കുട്ടികൾക്ക് സൗജന്യമായി അരി വിതരണം ചെയ്യുന്ന പദ്ധതി ഏതെങ്കിലും സ്കൂളിൽ നടത്താതിരുന്നതായ പരാതികൾ ലഭിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ പരാതിയുടെ അടിസ്ഥാനത്തിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) അപൂർവ്വം ചില സ്കൂളുകളിൽ നിന്നും പരാതി ലഭിച്ചിട്ടുണ്ട്.

(ബി) പരാതികൾ പരിശോധിച്ച് വേണ്ട നടപടി സ്വീകരിക്കുവാൻ വിദ്യാഭ്യാസ വകുപ്പിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

ഉച്ചക്കഞ്ഞി വിതരണത്തിന് കേന്ദ്രത്തിൽനിന്നും ലഭിച്ച അരി

177 (179) ശ്രീ. എഴുകോൺ നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്കൂൾ വിദ്യാർത്ഥികൾക്ക് ഉച്ചക്കഞ്ഞി നൽകുന്നതിനുള്ള പദ്ധതി പ്രകാരം ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കേന്ദ്രത്തിൽനിന്ന് എത്ര ടൺ അരി ലഭിച്ചിട്ടുണ്ട് ;

† അനുബന്ധം - XXVI

LIBRARY ARCHIVES Kerala Legislative Assembly